ഉത്തരം

(എ) നടപ്പു സാമ്പത്തിക വർഷത്തെ ആലപ്പുഴ നഗരസഭയുടെ പ്രോജക്ട് റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

118 (1344) ബൈപ്പാസ് റോഡരുകിൽ പാടം നികത്തി കെട്ടിടം നിർമ്മിച്ചു എന്ന പരാതി

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മഞ്ചേരി നിയോജകമണ്ഡലത്തിൽ ബൈപ്പാസ് ഒന്നാംഘട്ട റോഡരുകിൽ മഞ്ചേരി നഗരസഭയുടെയും റവന്യൂ വകുപ്പിന്റേയും അനുമതി ഇല്ലാതെ പാടം നികത്തി കെട്ടിടം നിർമ്മിച്ചു എന്ന പരാതി ലഭിച്ചിട്ടുണ്ടോ?

ഉത്തരം

ഇപ്രകാരം ഒരു പരാതി സർക്കാരിന് ലഭിച്ചതായി കാണുന്നില്ല. വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്.

119 (1345) വീട് വയ്ക്കുമ്പോൾ പൊതുനിരത്തിൽനിന്നുമുള്ള നിയമാനുസൃത അകലത്തിൽ നൽകുന്ന ഇളവ്

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീട് വയ്ക്കുമ്പോൾ പൊതുനിരത്തിൽ നിന്നുമുള്ള നിയമാനുസൃത അകലത്തിൽ ഇളവ് നൽകുന്നത് എത്ര സെന്റ് വരെ ഉള്ളവർക്കാണ്;

(ബി) പഞ്ചായത്ത് അതിർത്തിയിലും ഇത്തരം ഇളവുകൾ നിലവിലുണ്ടോ;

(സി) എങ്കിൽ ഇളവ് നൽകാനാസ്പദമായ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ),(ബി)&(സി) നിലവിലുള്ള കേരള മുനിസ്സിപ്പാലിറ്റി ആക്ട്/കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം കേരള കെട്ടിട നിർമ്മാണ ചട്ടങ്ങളിൽനിന്നും ഇളവ് അനുവദിക്കുന്നതിന് വ്യവസ്ഥയില്ല.

120 (1346) കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ അനുവദിച്ച ഇളവ്

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1999 ജൂൺ മാസം 10-ാം തീയതിവരെ കെട്ടിട നിർമ്മാണചട്ടങ്ങളിൽ ഇളവു നല്കി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര; ഇവയുടെ ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ;

(സി) ഇങ്ങനെ ഇളവു അനുവദിച്ചു നൽകാൻ സർക്കാരിന് അധികാരമുണ്ടോ;

(ഡി) എങ്കിൽ ഏതു വകുപ്പു പ്രകാരം എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അനുമതി നൽകിയിട്ടുണ്ട്.

(ബി) ജില്ല തിരിച്ച കണക്ക് ശേഖരിച്ചു സമർപ്പിക്കുന്നതാണ്.

(സി)&(ഡി) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 410-ാം വകുപ്പു പ്രകാരവും 1999-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് 172-ാം വകുപ്പ് അനുസരിച്ചും സർക്കാരിന് അധികാരമുണ്ട്.

121 (1347) പാർവ്വതി പുത്തനാർ സ്കീമിന്റെ പണി

ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ പാർവ്വതി പുത്തനാർ സ്കീമിന്റെ പണി എന്തായി എന്ന് വ്യക്തമാക്കുമോ;

(ബി) പ്രധാനമന്ത്രിയെക്കൊണ്ട് ഉദ്ഘാടനം ചെയ്യിച്ച പ്രസ്തുത സ്കീം നടപ്പിലാക്കാനുള്ള കാലതാമസം എന്താണ്;

(സി) ഈ സ്കീമിന്റെ ടെൻണ്ടർ എന്നാണ് വിളിച്ചതെന്നും പണി ആരാണ് എടുത്തിരിക്കുന്നതെന്നും വെളിപ്പെടുത്തുമോ;

(ഡി) നടപടിക്രമങ്ങൾ ഒന്നും പൂർത്തിയാക്കാതെയാണ് പ്രധാന മന്ത്രിയെക്കൊണ്ട് ഈ സ്ക്കീമിന്റെ ഉദ്ഘാടനം നടത്തിയതെന്ന ആക്ഷേപം ശരിയാണോ;

(ഇ) ശരിയല്ലെങ്കിൽ നടപടി ക്രമങ്ങൾ എന്തെല്ലാം പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പാർവ്വതി പുത്തനാറിന്റെ പുനരുദ്ധാരണ പണിയുടെ ആദ്യഘട്ടമായി വള്ളക്കടവ് മുതൽ ചാക്ക വരെയുള്ള ഭാഗത്തെ പണി ആരംഭിച്ചു. മഴക്കാലമായതിനാൽ പണി നിർത്തിവെച്ചിരിക്കുകയാണ്.

(ബി) ദേശീയ പുനരർപ്പണ ദിനത്തിന്റെ ഭാഗമയുള്ള പണികളുടെ സംസ്ഥാനതല ഉദ്ഘാടനമാണ് പ്രധാനമന്ത്രി നടത്തിയത്. പാർവതി പുത്തനാറിന്റെ പുനരുദ്ധാരണത്തിന്റെ പണി ഘട്ടം ഘട്ടമായാണ് നടപ്പിലാക്കുന്നത്. ഒന്നാം ഘട്ടം പണി ആരംഭിച്ചുകഴിഞ്ഞു.

(സി) 29..10..96-ൽ ടെന്റർ വിളിച്ചിരുന്നു. എന്നാൽ ടെന്റർ ഒന്നും ലഭിച്ചില്ല. ഇപ്പോൾ ജനകീയ സമിതിയാണ് പണി ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly